ആളുകളും ദിവസവും യാത്ര ചെയ്തിരുന്നതാണ്. അഴീക്കോട്—മുനമ്പം ഫെറി സർവ്വീസ് അഴിമുഖത്തുള്ളതാണ്. ഏത് സമയത്തും ആളുകളും അപകടത്തിൽപ്പെട്ട് മരണപ്പെടാൻ സാദ്ധ്യതയുള്ള സ്ഥലമാണ്. അവിടെ ഫെറി സർവ്വീസ് നടത്തുന്നത് ഫിഷിംഗ് ബോട്ടുകാരാണ്. ഏതോ ചില ബോട്ടുകളും എക്സിക്യൂട്ടീവ് എഞ്ചിനീയർ ഏർപ്പെടുത്തിയെങ്കിലും അത് ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. അതിന്റെ ഫലമായി അഴീക്കോട്—മുനമ്പം ഭാഗത്തുനിന്ന് എറണാകുളത്തേക്ക് കടക്കാൻ കഴിയുന്നില്ല. അതുപോലെതന്നെ കോട്ടപ്പുറം—മൂത്തകുന്നം പ്രദേശത്തും. ഇപ്പോൾ പാലത്തിന്റെ പണി തുടങ്ങിയെങ്കിലും അത് പൂർത്തിയാകാൻ അഞ്ചെട്ട് മാസം കഴിയണം. ഫെറിയുടെ കോൺട്രാക്ട് അവസാനിച്ചതുകൊണ്ട് അയാളും ഇട്ടിട്ട് പോയി. അതിനുപകരമായി തൽക്കാലത്തേക്ക് എട്ടോ പത്തോ ദിവസത്തേക്ക് വർക്ക് ചെയ്യുകയാണ്. അതിനുവേണ്ടി ബദൽ സംവിധാനം ഉണ്ടാക്കണം. പുതുതായി വാട്ടർ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ബോട്ടുകളോ കേരള ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന്റെ ബോട്ടുകളോകൂടി സർവ്വീസ് നടത്തണം. അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ഫെറി സർവ്വീസ് 31-12-1985 വരെ ലേലത്തിൽ കൊടുത്തതാണ്. നിർഭാഗ്യവശാൽ കരാറുകാരൻ ഇട്ടിട്ടുപോയി. 6-6-1985 മുതലാണ് ഫെറി സർവ്വീസ് നിർത്തിയത്. അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും നടത്താനുള്ള ഏർപ്പാട് ചെയ്തു. സ്ഥിരമായി നടത്താനുള്ള ലേലം ചെയ്തുകൊടുക്കാനുള്ള നടപടി സ്വീകരിച്ചെങ്കിലും അതിനു കഴിഞ്ഞില്ല. താൽക്കാലികമായി നടത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(8) കോൾ കൃഷിക്കാർക്കുള്ള പമ്പിംഗ് സബ്സിഡി

ശ്രീ. കെ.പി. പ്രഭാകരൻ: സർ, തൃശ്ശൂർ ജില്ലയിലെ കോൾ കൃഷിക്കാർക്ക് 1984-85-ൽ വരെ 65 ലക്ഷത്തോളം രൂപ പമ്പിംഗ് സബ്സിഡി കുടിശ്ശികയുണ്ട്. കുടിശ്ശിക മുഴുവൻ ഈ വർഷത്തെ കൃഷിയിറക്കുന്നതിന് മുമ്പ് കൊടുക്കാമെന്ന് ഹൈലെവൽ കോൺഫറൻസിൽവച്ച് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുതന്നിരുന്നതാണ്. ബഡ്ജറ്റ് പാസ്സാക്കിയതിനുശേഷം 25 ലക്ഷം രൂപയാണ് പുഞ്ച സ്പെഷ്യലാഫീസർക്ക് അലോട്ടു ചെയ്തു കൊടുത്തിരിക്കുന്നത്. 1983-84-ൽ 13 ലക്ഷം രൂപ കുടിശ്ശികയുള്ളത് കൊടുത്തുതീർത്താൽ 1984-85-ലേക്ക് 6 ലക്ഷം രൂപ ഡബിൾ ക്രോപ്പിന് കൊടുക്കാനുണ്ട്, 45 ലക്ഷം രൂപ ഓർഡിനറി ക്രോപ്പിന് കൊടുക്കാനുണ്ട്. ഈ സംഖ്യ കൊണ്ട് എങ്ങനെ കൊടുക്കുമെന്ന് ആലോചിച്ച് അന്തംവിട്ടിരിക്കുകയാണ്. കഴിഞ്ഞ കൊല്ലം വരെയുള്ള സംഖ്യ മുഴുവൻ ഈ വർഷം കൃഷി ഇറക്കുന്നതിനുമുമ്പ് കൊടുക്കാമെന്ന് ഉറപ്പ് കൊടുത്തിരുന്നതാണ്. അഡീഷണൽ ക്രോപ്പിന്റെ പണി ആരംഭിക്കുന്ന സമയമാണ്. രണ്ടുമാസം കഴിയുമ്പോൾ കൃഷി പൂർണ്ണമായും ആരംഭിക്കണം. അടിയന്തിരമായി കഴിഞ്ഞ കൊല്ലം വരെ കൊടുക്കാനുള്ള കാശ് പൂർണ്ണമായും കൊടുക്കണം. ഫൈനാൻസ് ഡിപ്പാർട്ടുമെന്റിൽനിന്ന് അലോട്ടുമെന്റ് കിട്ടിയിട്ടില്ലെന്നാണ് ഇതിന് തടസ്സമായി പറയുന്നത്. അത് പൂർണ്ണമായും അലോട്ട് ചെയ്ത് കൊടുക്കാൻ നടപടി സ്വീകരിക്കണം. കഴിഞ്ഞ കൊല്ലം മുതൽ അഡീഷണൽ ക്രോപ്പിനും പുഞ്ചകൃഷിക്കും രണ്ടിനും സെപ്പറേറ്റായിട്ടാണ് കൊടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ വർഷം സെപ്റ്റംബറായിട്ടും ആണോ എന്താണെന്നും പറയാത്തതുകൊണ്ട് സ്പെഷ്യലാഫീസർ പൈസ വിതരണം ചെയ്യാതെ വച്ചിരിക്കുകയാണ്. സ്പെഷ്യലാഫീസർ അതിനുവേണ്ടി ക്ലാരിഫിക്കേഷൻ ചോദിച്ചിട്ട് മറുപടി കിട്ടിയില്ല. ആ കാശ് എത്രയും വേഗം കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): സർ, തൃശ്ശൂർ കോൾ നിലങ്ങളിൽ പമ്പിംഗ് സബ്സിഡി ഇനത്തിൽ 1983-84-ൽ 24 ലക്ഷം രൂപയും 1984-85-ൽ 43 ലക്ഷം രൂപയും 1984-85-ലെ രണ്ടാം വിളയ്ക്ക് നൽകേണ്ടിയിരുന്ന 7 ലക്ഷം രൂപയും കൂടി മൊത്തം 76 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ കുടിശ്ശികയായി വിതരണം ചെയ്യാനുണ്ടായിരുന്നു. ഇതിൽ 1983-84-ലെ കുടിശ്ശികയിനത്തിൽ 19 ലക്ഷം രൂപയും 1984-85-ലെ കണക്കിൽ 3 ലക്ഷം രൂപയും വിതരണം ചെയ്തു കഴിഞ്ഞു. ഇനി വിതരണം ചെയ്യാൻ ബാക്കിയുള്ളത് 1983-84ലേക്ക് 7 ലക്ഷം രൂപയും 1984-85-ലേക്ക് രണ്ടാം വിള ഉൾപ്പെടെ 47 ലക്ഷം രൂപയും അങ്ങനെ മൊത്തം 54 ലക്ഷം രൂപയാണ്. സ്ഥലം പരിശോധിക്കുന്നതിനും അപേക്ഷയിൻമേലുള്ള ന്യൂനത പരിഹരിച്ചുകിട്ടുന്നതിനുംവേണ്ടി അൽപ്പം കാലതാമസം നേരിട്ടിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ പമ്പിംഗ് സബ്സിഡി ഇനത്തിൽ 153 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. ഇതിൽ 39 ലക്ഷം രൂപ തൃശ്ശൂർ പുഞ്ച സ്പെഷ്യലാഫീസർക്ക് അനുവദിച്ചിട്ടുണ്ട്. ആയത് 1984-85 വരെയുള്ള കുടിശ്ശിക മുഴുവനും വിതരണം ചെയ്യുന്നതിന് പര്യാപ്തമല്ല. ഇതിലേക്ക് മാത്രം 37 ലക്ഷം രൂപ വേണ്ടിവരും. ബാക്കിയുള്ള തുക വിതരണം ചെയ്യുന്നതിനുവേണ്ട സത്വരനടപടികൾ എടുത്തുവരികയാണ്.

(9) ചിറ്റൂർ-കച്ചേരിപ്പടി-ചേരാനല്ലൂർ റോഡ്

ശ്രീ. കെ.ജി.ആർ. കർത്താ: തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡാണ് ചിറ്റൂർ-കച്ചേരിപ്പടി-ചേരാനല്ലൂർ റോഡ്. വളരെക്കാലമായി ആ റോഡ് മെയിൻറനൻസ് നടത്തുന്നില്ല. പണ്ടേ ദുർബ്ബലമായ ആ റോഡ് മഴക്കാലം വന്നപ്പോൾ വളരെയധികം കേടായി. ഏതാണ്ട് അമ്പതിൽപ്പരം ബസ്സുകൾ ഓടുന്ന റോഡാണ്. പല പ്രാവശ്യവും നിവേദനങ്ങൾ സമർപ്പിച്ചിട്ടും ആ റോഡ് നന്നാക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചില്ല. ആ റോഡ് closed for ever എന്ന് ആക്കുക അല്ലെങ്കിൽ ആ റോഡ് എത്രയുംവേഗം നന്നാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ചിറ്റൂർ-കച്ചേരിപ്പടി-ചേരാനല്ലൂർ റോഡ് കഴിഞ്ഞ മഴക്കാലത്ത് വളരെയധികം കേട് വന്നിട്ടുണ്ട്. അതിന്റെ അറ്റകുറ്റപ്പണികൾ തീർത്തുകഴിഞ്ഞിട്ടുണ്ട്. മഴ തീർന്നുകഴിഞ്ഞാൽ ഉടൻതന്നെ ടാർ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(10) കാസർകോഡ്കർണ്ണാടക സംസ്ഥാനത്തോട് ചേർക്കണമെന്ന നിവേദനം

ശ്രീ. എ.സി. ഷൺമുഖദാസ്: കാസർകോഡ് താലൂക്ക് കർണ്ണാടക സംസ്ഥാനത്തിൽ ചേർക്കണമെന്നുള്ള ആവശ്യം നമ്മെ സംബന്ധിച്ചിടത്തോളം കെട്ടടങ്ങിയ ഒരു കാര്യമായിരുന്നു. എന്നാൽ ഇന്നലെ പി.ടി.ഐ.

LIBRARY ARCHIVES Kerala Legislative Assembly